**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 181** **24-06-2024 - ൽ മറുപടിയ്ക്ക്**

**തുറമുഖ വകുപ്പിന്റെ നിഷ്ക്രിയ ആസ്തികൾ വികസിപ്പിക്കാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള നിഷ്ക്രിയമായി കിടക്കുന്ന ആസ്തികളെ സംബന്ധിച്ച കണക്കെടുപ്പുകളോ പരിശോധനകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്<br><br>തുറമുഖ വകുപ്പിന് കീഴിൽ നിരവധി തുറമുഖ ഭൂമികൾ, കെട്ടിടങ്ങൾ, ഗോഡൗണുകൾ, മെഷിനറികൾ തുടങ്ങി നിഷ്ക്രിയ ആസ്തികൾ കണ്ടെത്തിയിട്ടുണ്ട്. ഇവയെല്ലാം ഇപ്പോൾ കേരളാ മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇത്തരം നിഷ്ക്രിയ ആസ്തികൾ കേരളാ മാരിടൈം ബോർഡിനും സംസ്ഥാനത്തിനും വരുമാനമുണ്ടാക്കുന്ന രീതിയിലും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രീതിയിലും വികസിപ്പിക്കുവാനാൻ കേരളാ മാരിടൈം ബോർഡ് നടപടി സ്വീകരിച്ചു വരുന്നു. ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടങ്ങളും തുറമുഖ ഭൂമിയും അളന്ന് തിരിച്ച് ബോർഡിന്റെ പേരിലാക്കി കയ്യേറ്റങ്ങൾ അവസാനിപ്പിക്കുകയും സാധ്യമായവ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി ) മാതൃകയിൽ ടൂറിസം, സമുദ്രാധിഷ്ഠിത വ്യവസായ സാധ്യതകൾ എന്നിവ മുൻനിർത്തി പദ്ധതികൾ തയ്യാറാക്കി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഒരു ലാൻഡ് മാനേജ്മന്റ് യൂണിറ്റിനെയും പ്രോജക്റ്റ് മോണിറ്ററിംഗ് യൂണിറ്റിനെയും നിയോഗിച്ചിട്ടുണ്ട്. ആദ്യ ഘട്ടം<br>എന്ന നിലയിൽ കാസർഗോഡ് ജില്ലയിലെ തുറമുഖ ഭൂമിയുടെ സർവേ ഹൈഡ്രോഗ്രാഫിക് സർവ്വേ വിങ് മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. പി.പി.പി മാതൃകയിൽ ആസ്തികൾ വികസിപ്പിക്കുന്നതിനായി ആദ്യഘട്ടം എന്ന നിലയിൽ കോഴിക്കോട് പോർട്ട് ബംഗ്ലാവ്, വലിയതുറയിലുള്ള പഴയ തുറമുഖ വകുപ്പ് ആസ്ഥാന മന്ദിരവും കടൽപ്പാലവും, തലശ്ശേരി കടൽപ്പാലം, അഴീക്കൽ ലൈറ്റ് ഹൗസും പരിസരവും, ആലപ്പുഴ മറീന എന്നിവയാണ് കണ്ടെത്തിയിട്ടുള്ളത്. പി.പി.പി മാതൃകയിൽ വികസിപ്പിക്കാൻ ഉടൻ |

| | | | |
|---|---|---|---|
| | | | സാധ്യതയില്ലാത്ത ഇുറമുഖ ഭൂമികൾ ദീർഘകാല ലീസിന് നൽകുന്ന കാര്യവും പരിഗണനയിലുണ്ട്. ഇുറമുഖ വകുപ്പിൽ നിലവിൽ ദീർഘകാലമായി ഉപയോഗിക്കാതെ കിടക്കുന്ന മെഷിനറികളിൽ ഉപയോഗശൂന്യമായവ സ്ക്രാപ്പ് ചെയ്യുവാനും ഉപയോഗിക്കാൻ കഴിയുന്നവ അറ്റകുറ്റപണി പൂർത്തിയാക്കി ലീസ് വ്യവസ്ഥയിൽ നൽകുവാനും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇുറമുഖങ്ങളോട് ചേർന്നുള്ള നിഷ്ക്രിയ ആസ്തികൾ വികസിപ്പിച്ചെടുക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; | (ബി) | ഉണ്ട്<br><br>ഇുറമുഖ വകുപ്പിന് കീഴിൽ നിരവധി ഇുറമുഖ ഭൂമികൾ, കെട്ടിടങ്ങൾ, ഗോഡൗണുകൾ, മെഷിനറികൾ ഇുടങ്ങി നിഷ്ക്രിയ ആസ്തികൾ കണ്ടെത്തിയിട്ടുണ്ട്. ഇവയെല്ലാം ഇപ്പോൾ കേരളാ മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇത്തരം നിഷ്ക്രിയ ആസ്തികൾ കേരളാ മാരിടൈം ബോർഡിനും സംസ്ഥാനത്തിനും വരുമാനമുണ്ടാക്കുന്ന രീതിയിലും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രീതിയിലും വികസിപ്പിക്കുവാനാൻ കേരളാ മാരിടൈം ബോർഡ് നടപടി സ്വീകരിച്ചു വരുന്നു. ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടങ്ങളും ഇുറമുഖ ഭൂമിയും അളന്ന് തിരിച്ച് ബോർഡിന്റെ പേരിലാക്കി കയ്യേറ്റങ്ങൾ അവസാനിപ്പിക്കുകയും സാധ്യമായവ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി ) മാതൃകയിൽ ടൂറിസം, സമുദ്രാധിഷ്ഠിത വ്യവസായ സാധ്യതകൾ എന്നിവ മുൻനിർത്തി പദ്ധതികൾ തയ്യാറാക്കി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഒരു ലാൻഡ് മാനേജ്മെന്റ് യൂണിറ്റിനെയും പ്രോജക്റ്റ് മോണിറ്ററിംഗ് യൂണിറ്റിനെയും നിയോഗിച്ചിട്ടുണ്ട്.<br>ആദ്യ ഘട്ടം<br>എന്ന നിലയിൽ കാസർഗോഡ് ജില്ലയിലെ ഇുറമുഖ ഭൂമിയുടെ സർവേ ഹൈഡ്രോഗ്രാഫിക് സർവ്വേ വിങ് മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. പി.പി.പി മാതൃകയിൽ ആസ്തികൾ വികസിപ്പിക്കുന്നതിനായി ആദ്യഘട്ടം എന്ന നിലയിൽ കോഴിക്കോട് പോർട്ട് ബംഗ്ലാവ്, വലിയതുറയിലുള്ള പഴയ ഇുറമുഖ വകുപ്പ് ആസ്ഥാന മന്ദിരവും കടൽപ്പാലവും, തലശ്ശേരി കടൽപ്പാലം, അഴീക്കൽ ലൈറ്റ് ഹൗസും പരിസരവും, ആലപ്പുഴ മറീന എന്നിവയാണ് കണ്ടെത്തിയിട്ടുള്ളത്. പി.പി.പി മാതൃകയിൽ വികസിപ്പിക്കാൻ ഉടൻ സാധ്യതയില്ലാത്ത ഇുറമുഖ ഭൂമികൾ ദീർഘകാല ലീസിന് നൽകുന്ന കാര്യവും പരിഗണനയിലുണ്ട്. ഇുറമുഖ വകുപ്പിൽ നിലവിൽ ദീർഘകാലമായി ഉപയോഗിക്കാതെ കിടക്കുന്ന മെഷിനറികളിൽ ഉപയോഗശൂന്യമായവ സ്ക്രാപ്പ് ചെയ്യുവാനും ഉപയോഗിക്കാൻ കഴിയുന്നവ അറ്റകുറ്റപണി |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി ലീസ് വ്യവസ്ഥയിൽ നൽകുവാനും നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | കോഴിക്കോട് ബീച്ചിൽ സ്ഥിതിചെയ്യുന്ന മറൈൻ പോർട്ട് ബംഗ്ലാവിന്റെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം സാധ്യതകളാണ് ഇതുവഴി ലക്ഷ്യം വയ്ക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | ദീർഘകാലമായി അറ്റകുറ്റപ്പണികൾ നടത്താതെയും അറ്റകുറ്റപ്പണികൾക്ക് ഭീമമായ തുക ചിലവഴിക്കേണ്ടി വരുമെന്ന് കണ്ടെത്തിയതിനെ തുടർന്നുമാണ് കോഴിക്കോട് പോർട്ട് ബംഗ്ലാവ് പി.പി.പി മാതൃകയിൽ വികസിപ്പിക്കുവാൻ തീരുമാനിച്ചത്. ഇതിനായി താൽപ്പര്യപത്രം ക്ഷണിച്ചപ്പോൾ പന്ത്രണ്ട് നിക്ഷേപകർ താൽപ്പര്യം പ്രകടിപ്പിച്ച് ബോർഡിനെ സമീപിച്ചിട്ടുണ്ട്. 15 കോടി മുതൽ 70 കോടി വരെയുള്ള ടൂറിസം പദ്ധതികൾക്കാണ് നിക്ഷേപകർ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്. താല്പര്യ പത്രത്തിന് മറുപടിയായി ലഭിച്ച നിക്ഷേപ സാദ്ധ്യതകൾ കണക്കിലെടുത്ത് വിശദമായ പദ്ധതി നിർദേശം തയാറാക്കി വരുന്നു. തുടർന്ന് നിക്ഷേപകരുടെ ആർ എഫ് ക്യൂ (Request for Qualification) പരിഗണിച്ച് ആർ എഫ് പി (Request for Proposal) യ്ക്കുള്ള മറുപടി പരിശോധിച്ച് സംസ്ഥാനത്തിന് പ്രയോജനകരവും തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കപ്പെടുന്നതുമായ പി.പി .പി മാതൃകയിലുള്ള വികസനത്തിന് അനുയോജ്യരായ സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതാണ്. |
| (ഡി) | തുറമുഖങ്ങളോടനുബന്ധിച്ചുള്ള പഴയ കെട്ടിടങ്ങളുടെ പ്രൗഢിയും പഴമയും വീണ്ടെടുക്കുന്നതിനും അതുവഴി ഹെറിറ്റേജ് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി വരുമാനദായകമാക്കുന്നതിനും തുറമുഖ വകുപ്പ് നടപടി സ്വീകരിക്കുമോ? | (ഡി) | തുറമുഖ കെട്ടിടങ്ങളുടെ പ്രൗഢിയും പഴമയും നിലനിർത്തിക്കൊണ്ടുള്ള ഹെറിറ്റേജ് ടൂറിസം പദ്ധതികൾ വിഭാവനം ചെയ്ത് നിക്ഷേപകർ സമർപ്പിച്ചാൽ അതിന്റെ സാമ്പത്തിക നേട്ടവും തൊഴിലവസരവും കണക്കിലെടുത്ത് ആയവ ടൂറിസം ഹെറിറ്റേജ് മാതൃകയിൽ വികസിപ്പിക്കുവാനാകുമോയെന്ന് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ